## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1992** **16-02-2016-ന് മറുപടിയ്ക്ക്**

### വനഭൂമി കയ്യേറ്റം

**ചോദ്യം**

**ശ്രീ. എം.ഹംസ**

**മറുപടി**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)**

(എ) സ്വകാര്യ വ്യക്തികൾ വനഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട് ഈ സർക്കാർ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(എ) സ്വകാര്യ വ്യക്തികൾ വനഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട് 286 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 03 |
| കൊല്ലം | 14 |
| പത്തനംതിട്ട | 01 |
| കോട്ടയം | 01 |
| ഇടുക്കി | 73 |
| എറണാകുളം | 07 |
| തൃശ്ശൂർ | 20 |
| പാലക്കാട് | 62 |
| മലപ്പുറം | 13 |
| വയനാട് | 92 |
| **ആകെ** | **286** |

(ബി) വനഭൂമി സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ; എത്ര കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും പ്രതികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ടകെട്ടിയും, കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും വനസംരക്ഷണം ഉറപ്പാക്കുന്നു. വനാതിർത്തിയോട് ചേർന്നുള്ള

......2

പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള വന പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴി വനം കയ്യേറ്റശ്രമങ്ങളും, വനം കുറ്റകൃത്യങ്ങളും തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. വന സംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ആവശ്യമായ ആയുധങ്ങൾ, വാഹനങ്ങൾ, വാർത്താ വിനിമയ ഉപകരണങ്ങൾ എന്നിവ നൽകി സജ്ജരാക്കിയിട്ടുണ്ട്. റവന്യൂ, പോലീസ് അധികാരികളുടെ സഹായത്തോടെ വനം കയ്യേറ്റം ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. 01-01-1977-ന് ശേഷമുള്ള വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സംസ്ഥാന-സർക്കിൾതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കൈവരിച്ച പുരോഗതി അവലോകനം ചെയ്യുകയും, വിവിധ വകുപ്പുകളുടെ സഹകരണം ഏകോപിപ്പിച്ച് ഫലപ്രദമായി വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. ജില്ലാടിസ്ഥാനത്തിൽ ഒഴിപ്പിച്ച കയ്യേറ്റങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ജില്ല** | **ഒഴിപ്പിച്ച കയ്യേറ്റങ്ങളുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 5 |
| കൊല്ലം | 11 |
| പത്തനംതിട്ട | 1 |
| കോട്ടയം | 1 |
| ഇടുക്കി | 56 |
| തൃശ്ശൂർ | 20 |
| പാലക്കാട് | 40 |
| മലപ്പുറം | 7 |

.....3

| | |
|---|---|
| വയനാട് | 15 |
| കണ്ണൂർ | 3 |
| **ആകെ** | **159** |

(സി) വനഭൂമി സംരക്ഷിക്കുന്നതിനും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

(സി) വിവിധ ബഡ്ജറ്റ് ശീർഷകങ്ങളായ സർവ്വേ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ്, ഫോറസ്റ്റ് പ്രൊട്ടക്ഷൻ, റീജനറേഷൻ ഓഫ് ഡെന്യൂഡഡ് ഫോറസ്റ്റ് വഴിയും, കേന്ദ്രാവിഷ്കൃത സ്കീമുകളിലൂടെ ലഭ്യമായ ഫണ്ടുകൾ വഴിയും വനം സംരക്ഷിക്കുന്നതിന് തുക വിനിയോഗിച്ചു വരുന്നു. വനസംരക്ഷണത്തിനായി മേൽപ്പറഞ്ഞ ശീർഷകങ്ങളിലായി കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷം ഏകദേശം 8523.792 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

Adithya
സെക്ഷൻ ഓഫീസർ